# Desabhimani
# 31 August 2018
# Kochi, Flood, CM Activity Exemplary

## പ്രളയം: മുഖ്യമന്ത്രിയുടെ പ്രവർത്തനം മാതൃകാപരമെന്ന് ടി എച്ച് മുസ്തഫ

**റബർ മാർക്ക് 8.63 ലക്ഷം ദുരിതാശ്വാസ നിധിയിലേക്ക് നൽകി**

**കൊച്ചി**

പ്രളയ ദുരന്തം നേരിടുന്നതിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രവർത്തനം ശ്ലാഘനീയവും മാതൃകയുമാണെന്ന് കോൺഗ്രസ് നേതാവും മുൻ മന്ത്രിയുമായ ടി എച്ച് മുസ്തഫ. ചികിൽസയ്ക്ക് അമേരിക്കയിൽ പോകാനിരുന്നത് പോലും മാറ്റിവച്ചാണ് മുഖ്യമന്ത്രി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചതെന്ന് മുസ്തഫ വാർത്താസമ്മേളനത്തിൽ പറഞ്ഞു. റബർ മാർക്കറ്റിങ് ഫെഡറേഷൻ 8.63 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയതായും റബർ മാർക്കറ്റിങ് ഫെഡറേഷൻ പ്രസിഡന്റ്കൂടിയായ ടി എച്ച് മുസ്തഫ പറഞ്ഞു.

പുത്തൻ കേരളം നിർമിക്കാൻ എല്ലാ മലയാളികളും കക്ഷി രാഷ്ട്രീയ ജാതി മത ഭേദമെന്യേ ഒറ്റക്കെട്ടായി രംഗത്തിറങ്ങണം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് റബർ മാർക്കറ്റിലെ ജീവനക്കാരുടെ വിഹിതമായി 8,63,323 രൂപ നൽകി. റബർ മാർക്കിലെ ജീവനക്കാരുടെ വേതനമായ 2,13,323 രൂപയും സ്ഥാപന വിഹിതമായി മൂന്ന് ലക്ഷം രൂപയും സഹോദര സ്ഥാപനമായ റൂബക് ബലൂൺസ് 3,50,000 രൂപയുമാണ് ദുരിതാശ്വാസ നിധിയിലേക്ക് കൈമാറിയത്.

പ്രളയ ദുരിതത്തിൽ വൈദ്യുതി ബോർഡിന് വീഴ്ചയുണ്ടായോയെന്ന് അന്വേഷിക്കണമെന്നും മുസ്തഫ ആവശ്യപ്പെട്ടു. പ്രളയം റബർ മാർക്കിന്റെ പ്രവർത്തനത്തെ ബാധിച്ചില്ലെന്ന് ടി എച്ച് മുസ്തഫ പറഞ്ഞു. കേന്ദ്രനയങ്ങളാണ് റബറിന് തിരിച്ചടിയായത്. സംസ്ഥാനത്തെ ഉൽപ്പാദനം കണക്കാക്കാതെ ടയർ ലോബിക്ക് വേണ്ടി റബർ ഇറക്കുമതി ചെയ്യുന്ന കേന്ദ്ര സർക്കാർ നയങ്ങൾ പുനഃപരിശോധിക്കണമെന്നും ടി എച്ച് മുസ്തഫ ആവശ്യപ്പെട്ടു.